**യഥാർത്ഥ ജനഹിതം പ്രതിനിധീകരിക്കുന്ന രീതിയിൽ എം.പി.മാരേയും എം.എൽ. എ. മാരേയും ജനപ്രതിനിധികളെയും തിരികെ വിളിക്കൽ ഉൾപ്പെടെയുള്ള തെരഞ്ഞെടുപ്പ് സമ്പ്രദായത്തിലെ കാതലായ മാറ്റങ്ങൾ വഴി ജനാധിപത്യം വികസിപ്പിക്കാം.**

# ജനപ്രതിനിധികളെ എങ്ങനെ തിരികെ വിളിക്കാം...

സണ്ണി പൈകട

**ഏകദേശം** രണ്ടു മാസം മുമ്പ് വിവിധ സംസ്ഥാനങ്ങളിലെ നിയമസഭാ സ്പീക്കർമാരുടെ ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്തപ്പോൾ ലോക്സഭാ സ്പീക്കർ സോമനാഥ്ചാറ്റർജി വളരെ ശ്രദ്ധേയമായ ഒരു നിർദ്ദേശം മുന്നോട്ട് വയ്ക്കുകയുണ്ടായി. ജനങ്ങളുടെ പ്രതീക്ഷയ്ക്ക് മങ്ങലേൽപ്പിക്കുന്ന ജനപ്രതിനിധികളെ തിരികെ വിളിക്കാൻ അവസരം ഉണ്ടാക്കണമെന്ന നിർദ്ദേശമാണ് അദ്ദേഹം ഉന്നയിച്ചത്. അദ്ദേഹത്തിന്റെ നിർദ്ദേശം പ്രായോഗികമായാൽ ജനാധിപത്യ സമ്പ്രദായത്തിന് കൂടുതൽ അർത്ഥമുണ്ടാകുമെന്ന് ആരും സമ്മതിക്കും.

ഒരു തിരഞ്ഞെടുപ്പിൽ ഒരു നിയോജക മണ്ഡലത്തിൽനിന്നും പോൾ ചെയ്യപ്പെടുന്ന വോട്ടിൽ, മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ എതിരാളികളേക്കാൾ ഒരോട്ടെങ്കിലും കൂടുതൽ കിട്ടുന്ന ആൾ ജനപ്രതിനിധിയാകുന്ന നിയമമാണ് ഇവിടെ ഉള്ളത്. രണ്ട് പേർക്ക് ഒരേ വോട്ട് ലഭിച്ച് മുന്നിൽ വന്നാൽ നറുക്കിട്ട് വിജയം നിശ്ചയിക്കും! ഈ സമ്പ്രദായത്തിൽ സാധാരണയായി ഒരു നിയോജക മണ്ഡലത്തിലെ ആകെ വോട്ടർമാരിൽ ഭൂരിപക്ഷത്തിന്റെ അനുകൂലാഭിപ്രായം ജയിക്കുന്ന സ്ഥാനാർത്ഥിക്ക് കിട്ടാറില്ല. അങ്ങനെ ഭൂരിപക്ഷം വോട്ടർമാരുടെയും പിന്തുണയില്ലാതെതന്നെ ജയിച്ച് ജനപ്രതിനിധികളാവുന്നവർ അവരുടെ സൗകര്യമനുസരിച്ച് കൊണ്ടുനടത്തുന്ന ഒരു ജനായത്തമാണ് ഇവിടെ നിലനില്ക്കുന്നത്. ജനപ്രതിനിധികളെ ഒരുതരത്തിലും നിയന്ത്രിക്കാൻ ഇന്ന് വോട്ടർമാർക്ക് കഴിയുന്നില്ല. വേണമെങ്കിൽ 5 വർഷം ഇടവിട്ട് നടക്കുന്ന തിരഞ്ഞെടുപ്പിൽ നിലവിലുള്ള ജനപ്രതിനിധിയെ തോല്പിച്ച് അതേ സാധ്യതകളിലേക്ക് മറ്റൊരാളെ തിരഞ്ഞെടുക്കാം. ജനപ്രതിനിധികൾ പൊതുവിൽ അവർക്ക് സ്ഥാനാർത്ഥിത്വം നല്കിയ പാർട്ടി ഹൈക്കമാൻഡുകളുടെയോ പോളിറ്റ്ബ്യൂറോകളുടെയോ ഹിതത്തിന് ജനങ്ങളുടെ ഹിതത്തേക്കാൾ പ്രാമുഖ്യം നല്കിയാണ് പ്രവർത്തിക്കുക. പാർട്ടി നേതൃത്വത്തിന്റെ ഹിതമനുസരിച്ച് ജനപ്രതിനിധിസഭകളിൽ കൈപൊക്കിയില്ലെങ്കിൽ ജനപ്രതിനിധികളുടെ പണിപോകും. എന്നാൽ ജനാധിപത്യത്തിന്റെ അടിസ്ഥാനമായ ജനഹിതം അവഗണിച്ചാൽ ഒന്നും സംഭവിക്കാൻ പോകുന്നുമില്ല. പാർട്ടികൾ ജനാധിപത്യപരമായാണോ ഓരോ പ്രശ്നങ്ങളിലും നിലപാട് എടുക്കുക എന്നന്വേഷിച്ചാൽ സംഗതികൾ കുറേക്കൂടി സങ്കീർണ്ണമാകും. ഇത്തരത്തിലുള്ള പാർട്ടി സമ്പ്രദായവും തിരഞ്ഞെടുപ്പ് - ഭരണ സമ്പ്രദായങ്ങളും നിലനില്ക്കുന്നിടത്താണ് ലോകസഭാസ്പീക്കർ ജനപ്രതിനിധികളെ തിരികെ വിളിക്കാൻ വോട്ടർമാർക്ക് അവസരമുണ്ടാകണമെന്ന് അഭിപ്രായപ്പെട്ടതെന്നോർക്കണം.

ലോകസഭാസ്പീക്കറുടെ ഈ അഭിപ്രായത്തിന്റെ അടിസ്ഥാനം തന്നെ ജനാധിപത്യഭരണവ്യവസ്ഥ പൗരന്മാരുടെ പൊതുവായ ഹിതമനുസരിച്ചാവണം അനുനിമിഷം പ്രവർത്തിക്കേണ്ടത് എന്ന തികച്ചും ശരിയായ ചിന്താഗതിയാണ്. ജനാധിപത്യത്തിൽ അധികാരത്തിന്റെ പ്രഭവസ്ഥാനം പൗരന്മാരാണ്. ഓരോ പൗരനും സ്വതന്ത്രനാണ് എന്നതുകൊണ്ട് അവന്റെയും അവനുൾപ്പെടുന്ന സമൂഹത്തിന്റെയും കാര്യങ്ങൾ തീരുമാനിക്കുന്നതിലും ആ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലും അവന്റെ ആശയാഭിലാഷങ്ങൾകൂടി പരിഗണിക്കപ്പെടണം എന്ന ലളിതമായ യുക്തിയാണ് ഒരർത്ഥത്തിൽ ജനാധിപത്യത്തിന്റെ അടിസ്ഥാനം. ഒരു വലിയ സമൂഹത്തിൽ എല്ലാ പൗരന്മാർക്കും ഒരുമിച്ചുകൂടിയിരുന്ന് ആ സമൂഹത്തിന്റെ കാര്യങ്ങൾ തീരുമാനിക്കാനോ ആ തീരുമാനങ്ങൾ നടപ്പിലാക്കാനോ കഴിയില്ല എന്ന പ്രായോഗിക വൈഷമ്യത്തെ അതിജീവി

ക്കാനാണല്ലോ പ്രാതിനിധ്യഭരണം ജനാധിപത്യ സമ്പ്രദായത്തിൽ ഉടലെടുത്തത്. ഇന്ത്യയിലേതുപോലുള്ള ജനാധിപത്യ സമ്പ്രദായങ്ങളിൽ ഭരണകൂടങ്ങളുടെ രൂപീകരണത്തിന് അടിസ്ഥാനമാകുന്നതുതന്നെ ജനപ്രതിനിധികളുടെ ഭൂരിപക്ഷ പിന്തുണയാണ്. ഭരണകൂടങ്ങളുടെ നയപരിപാടികൾക്ക് പണം ചിലവഴിക്കണമെങ്കിൽ ജനപ്രതിനിധിസഭകളുടെ അംഗീകാരം കൂടിയേ കഴിയൂ. ഭരണപ്രക്രിയകളുടേയും പൗരസമൂഹത്തിന്റെ ചലനങ്ങളുടേയും അതിർവരമ്പുകൾ നിശ്ചയിക്കുന്ന നിയമങ്ങൾ നിർമ്മിക്കുന്നതും നിയമസഭകളിലേയും പാർലമെന്റിലേയും ജനപ്രതിനിധികളാണ്. ചുരുക്കത്തിൽ ജനപ്രതിനിധികൾ ജനാധിപത്യഭരണ സമ്പ്രദായത്തിന്റെ ആണിക്കല്ലുകളാണ്.

എന്നാൽ ഈ ജനപ്രതിനിധികൾ എപ്പോഴും ഓർക്കേണ്ട സുപ്രധാന കാര്യം ജനാധിപത്യഭരണസമ്പ്രദായത്തിന്റെ ആണിക്കല്ലുകളായി പ്രവർത്തിക്കാൻ തന്നെ നിയോഗിച്ചത് ജനങ്ങളാണെന്ന സത്യമാണ്. ഒരു നിശ്ചിത കാലയളവിലേക്ക് - നമ്മുടെ രാജ്യത്ത് അഞ്ച് വർഷത്തേക്ക് - തങ്ങളുടെ ഹിതമനുസരിച്ച് പ്രവർത്തിക്കാനുള്ള ചുമതല തന്നെ ഏല്പിക്കാനുള്ള സമ്മതം വോട്ടിലൂടെ ദാനം ചെയ്ത ജനങ്ങളാണ് തന്റെ യജമാനന്മാർ എന്ന സത്യമാണ് ജനപ്രതിനിധികൾ നിരന്തരം ഓർക്കേണ്ടത്. നമ്മുടേതുൾപ്പെടെ മിക്ക ജനാധിപത്യ രാജ്യങ്ങളിലേയും ജനങ്ങളുടെ അനുഭവത്തിൽ ജനപ്രതിനിധികൾ നിരന്തരം മറന്നുപോകുന്ന സത്യവും ഇതല്ലാതെ മറ്റൊന്നല്ല. ഈ മറവിക്കാരെ തിരികെ വിളിക്കാൻ ജനാധിപത്യത്തിലെ യഥാർത്ഥ അധികാരികളായ ജനങ്ങൾക്ക് അവസരമുണ്ടാകണമെന്നാണ് ലോകസഭാസ്പീക്കർ പറഞ്ഞത്. ജനപ്രതിനിധികളുടെ മറവിരോഗത്തിനുള്ള ഫലപ്രദമായ ഗുളിക ഇതുതന്നെയാണ്. ഇത്തരം ഒരു ഗുളിക പൗരന്മാരുടെ പക്കൽ ഉണ്ടായാൽ മാത്രം മതി നമ്മുടെ ജനപ്രതിനിധികളുടെ ,പ്രവർത്തനസ്വഭാവത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാവാൻ.

ഈ തിരികെ വിളിക്കൽ മരുന്ന് എങ്ങനെ തയ്യാറാക്കാനും പ്രയോഗിക്കാനും കഴിയും എന്നതാണ് പ്രശ്നം. ഇക്കാര്യത്തെക്കുറിച്ച് പണ്ഡിതനും അനുഭവസമ്പന്നനുമായ സോമനാഥ് ചാറ്റർജി ഒന്നും പറഞ്ഞതായി കണ്ടില്ല. ഒന്നര - രണ്ടുലക്ഷം വരെ വോട്ടർമാരുള്ള നിയമസഭാ നിയോജകമണ്ഡലത്തിലെയോ പത്തുലക്ഷം വരെ വോട്ടർമാരുള്ള ലോകസഭാനിയോജകമണ്ഡലത്തിലെയോ ഒരു ജനപ്രതിനിധിക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെടുന്ന അവസരത്തിൽതന്നെ സാധാരണഗതിയിൽ ആകെ വോട്ടർമാരിൽ ഭൂരിപക്ഷത്തിന്റെയും പിന്തുണയുണ്ടാവാറില്ലെന്ന് മുമ്പ് സൂചിപ്പിച്ച് കഴിഞ്ഞു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ വോട്ടു ചെയ്യാത്തവരുടെ എണ്ണവും പരാജിതരായ സ്ഥാനാർത്ഥികൾക്ക് കിട്ടിയ വോട്ടുകളുടെ എണ്ണവും ജയിച്ച സ്ഥാനാർത്ഥിക്ക് ലഭിച്ച വോട്ടിനെക്കാൾ കൂടുതലായിരിക്കും. ഈ പശ്ചാത്തലത്തിൽ ജനപ്രതിനിധിയെ തിരികെ വിളിക്കാൻ ഹിതപരിശോധന നടത്തി ഭൂരിപക്ഷഹിതമെന്തെന്ന് പരിശോധിക്കുന്നതിൽ അർത്ഥമില്ലാതാവും. പരാജിതരായ സ്ഥാനാർത്ഥികളുടെ പിന്തുണക്കാർ ഒത്തുചേർന്ന് ജയിച്ച സ്ഥാനാർത്ഥിയെ വൈകാതെ തന്നെ തിരിച്ചുവിളിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കിയാൽ പ്രാതിനിധ്യ ജനാധിപത്യ സമ്പ്രദായം തന്നെ ആശയപരമായി അപഹാസ്യമാവുകയും പ്രായോഗികമായി പ്രതിസന്ധിയിലാവുകയുംചെയ്യും. ഏറെ ചിലവേറിയ ഈ വഴി സാമ്പത്തികമായും നമ്മുടെ നാടിന് താങ്ങാനാവുന്നതല്ല.

ഈ പശ്ചാത്തലത്തിൽ ജനപ്രതിനിധികളെ തിരികെ വിളിക്കൽ പ്രായോഗികമാവണമെങ്കിൽ ഇന്നത്തെ തിരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ മൗലികമായ മാറ്റങ്ങൾ ഉണ്ടാവണം. അതിനായി അടുത്തുള്ള ഇരുപതോ ഇരുപത്തഞ്ചോ കുടുംബങ്ങളിലെ വോട്ടർമാർ ചേർന്ന അയൽക്കൂട്ടങ്ങൾ നിയമപരമായ പിൻബലത്തോടെ രൂപീകരിക്കണം; അയൽക്കൂട്ടങ്ങളിൽനിന്ന് ഒരു പുരുഷനെയും സ്ത്രീയെയും അഭിപ്രായസമന്വയത്തിലൂടെ അയൽക്കൂട്ട പ്രതിനിധികളായി നിശ്ചയിക്കണം. ഈ പ്രതിനിധികളുടെ തുറന്ന വോട്ടിങ്ങിലൂടെ - രഹസ്യബാലറ്റ് അപകടം - എല്ലാഭരണതലങ്ങളിലേക്കുമുള്ള ജനപ്രതിനിധികളെ തിരഞ്ഞെടുക്കുകയും നിരന്തരം നിയന്ത്രിക്കുകയും വേണ്ടിവന്നാൽ തിരികെ വിളിക്കുകയും ചെയ്യുന്ന തിരഞ്ഞെടുപ്പ് സമ്പ്രദായമുണ്ടാകണം. അയൽക്കൂട്ട പ്രതിനിധികൾ ഓരോ ഘട്ടങ്ങളിലും എന്തു നിലപാടാണ് എടുക്കുന്നത് എന്ന് അവർ പ്രതിനിധാനം ചെയ്യുന്ന അയൽക്കൂട്ടത്തിന് മനസ്സിലാവുന്നതിനുവേണ്ടിയാണ് തുറന്ന വോട്ടിംഗ് ആവശ്യമായി വരുന്നത്. അയൽക്കൂട്ടതീരുമാനം ഏതെങ്കിലും അവസരത്തിൽ അയൽക്കൂട്ട പ്രതിനിധികൾ അവഗണിച്ചാൽ അവരെ തിരികെ വിളിക്കാൻ പ്രായോഗികമായി വിഷമമില്ലല്ലോ. ഇത്തരമൊരു സമ്പ്രദായത്തിൽ ജനപ്രതിനിധികളെ തിരികെ വിളിക്കാനുള്ള പ്രക്രിയകൾ ആരംഭിക്കാൻ ഒരു നിശ്ചിത ശതമാനം അയൽക്കൂട്ടങ്ങളുടെ പിന്തുണ വേണമെന്നും വ്യവസ്ഥ ചെയ്യാം.

ഈ വിധത്തിലുള്ള ലളിതമായ തിരഞ്ഞെടുപ്പ് സമ്പ്രദായം യാഥാർത്ഥ്യമായാൽ തിരഞ്ഞെടുപ്പുകളിൽ ഇന്നുള്ള പണത്തിന്റെ ദുഃസ്വാധീനം ഒഴിവാക്കാൻ ആവുമെന്ന ഗുണംകൂടിയുണ്ട്. ഇത്തരമൊരു സമ്പ്രദായത്തോടൊപ്പം ഫലപ്രദമായ അധികാര വികേന്ദ്രീകരണം കൂടിയുണ്ടായാൽ ജനാധിപത്യം ഒരു ഭരണക്രമം എന്നതിൽനിന്ന് ഒരു ജീവിത സമ്പ്രദായമായി വികസിക്കും. വോട്ടുചെയ്യൽ എന്നത് കല്ലെടുത്തെറിയുന്നതുപോലെയുള്ള കൈവിട്ടകളിയായി മാറാത്ത അത്തരമൊരു തിരഞ്ഞെടുപ്പ് - ഭരണ സമ്പ്രദായത്തെക്കുറിച്ച് സ്വപ്നം കാണാനെങ്കിലും ലോകസഭാസ്പീക്കറുടെ പരാമർശം ഒരു നിമിത്തമായി തീർന്നത് ഉചിതമായി.

*വള്ളിക്കടവ് പി.ഒ., പരപ്പ വഴി, കാസർകോഡ്*